LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറത്തറ-കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം

329 (335) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറത്തറ - കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം പ്രവർത്തകർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റയിൽ നിന്നും പടിഞ്ഞാറത്തറയിലേക്ക് സർവ്വീസ് നടത്തുന്ന ഏതെങ്കിലും ഒരു ബസ്സിന്റെ ട്രിപ്പ് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ രാവിലെയും വൈകിട്ടും കുറ്റിയാം വയലിലേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ അപേക്ഷ വിശദമായ സാധ്യതാപഠനത്തിനായി 31-1-2015-ൽ കെ.എസ്.ആർ.ടി.സി.-യുടെ കോഴിക്കോട് മേഖലാ അധികാരിയ്ക്ക് കൈമാറുകയുണ്ടായി.

(ബി) ടി.റൂട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) നിലവിൽ പടിഞ്ഞാറത്തറ വഴി മാനന്തവാടിയിലേക്ക് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. മറ്റേതെങ്കിലും ഷെഡ്യൂൾ മാറ്റം വരുത്തി കുറ്റിയാംവയലിലേക്ക് രാവിലേയും വൈകുന്നേരവും ഓരോ ട്രിപ്പുകൾ ആരംഭിക്കുവാൻ കഴിയുമോയെന്ന സാധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി റൂട്ടിലൂടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

രാമചന്ദ്രൻ കമ്മീഷൻ ശിപാർശ

330 (336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുന്നതിന് രാമചന്ദ്രൻ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഡീസൽ വില ഇടിഞ്ഞ സാഹചര്യത്തിൽ യാത്രാ-ചരക്ക് കൂലികൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോ ; കടത്ത് കൂലി കുറയ്ക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വൻ കുറവ് ഉണ്ടാകുന്ന സാഹചര്യം കൂടി പരിഗണിച്ച് യാത്രാ-ചരക്ക്കൂലി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡീസൽ വില കുറഞ്ഞ സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച വരികയാണ്. 20-5-2014 മുതൽ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്കിലെ വർദ്ധനവ് നടപ്പിൽ വരുത്തിയതിനു ശേഷം ഡീസൽ നിരക്കിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ടയർ, സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആകയാൽ ഡീസൽ വിലയിലുണ്ടാകുന്ന വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാ നിരക്കിൽ മാറ്റം വരുത്തുന്നത് അനുപേക്ഷണീയമല്ല. ചരക്ക് കൂലി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടില്ല.

കോഴിക്കോട് ജില്ലയിൽ ലോ ഫ്ലോർ ബസ് സർവീസുകൾ

331 (337) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് ജില്ലയിൽ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ എത്ര ലോ ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഏതെല്ലാം റൂട്ടുകളിലാണ് ഈ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ റൂട്ടുകളിലാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly